# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2082**      17-12-2012-ൽ മറുപടിയ്ക്ക്

## വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ കണക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്രപേർ വാഹനാപകടങ്ങളിൽ മരണപ്പെട്ടിട്ടുണ്ട് ; | (എ) 6087 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൽ ബൈക്ക് അപകടങ്ങളിൽ മാത്രം എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ; | (ബി) 2065 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (സി) വാഹനങ്ങളുടെ അമിത വേഗതയും ട്രാഫിക് നിയമ ലംഘനവും കർശനമായി നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; വിശദാംശം വ്യക്തമാക്കുമോ ? | (സി) വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി ദേശീയ പാതകളിലും, അപകടങ്ങൾ സ്ഥിരമായി സംഭവിക്കുന്ന മറ്റു റോഡുകളിലും സ്പീഡ് റഡാർ ഉപയോഗിച്ച് പരിശോധന നടത്തി Sec.112 r/w 183 of MV Act പ്രകാരം പിഴ ഈടാക്കി വരുന്നുണ്ട്. ട്രാഫിക് നിയമ ലംഘനങ്ങൾ തടയുന്നതിനായി ഇന്റർസെപ്ടർ, ആൽക്കോ |

മീറ്റർ, നീരിക്ഷണ ക്യാമറകൾ, ഡിജിറ്റൽ ക്യാമറകൾ തുടങ്ങിയ അത്യാധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ഉദ്യോഗസ്ഥർ നേരിട്ട് വാഹന പരിശോധന നടത്തി കുറ്റക്കാരെ പിടികൂടി പിഴ ഈടാക്കി വരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പോലീസ്, ഹൈവേകളിൽ വാഹന പരിശോധന നടത്തി വരുന്നു. ഡ്രൈവർമാർക്ക് ട്രാഫിക് ബോധവത്ക്കരണത്തിനായി സെമിനാറുകൾ സംഘടിപ്പിക്കുകയും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ വഴി ലഘുലേഖകളും വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ